ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ

109 (798) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവും അനാസ്ഥയും കാരണം കുട്ടികൾ ഉൾപ്പെടെയുള്ള രോഗികളുടെ മരണ നിരക്ക് വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡോക്ടർമാരുടെയും നഴ്സുമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും മറ്റ് ജീവനക്കാരുടെയും കുറവുമൂലം സർക്കാർ ആശുപത്രികളുടെ പ്രവർത്തനം താളം തെറ്റിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഓരോ വിഭാഗത്തിലും നിലവിലുള്ള ഒഴിവുകൾ എത്രവീതം ആണെന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തു നടപടികളാണുള്ളതെന്നും വിശദമാക്കുമോ ;

(സി) സർക്കാർ ആശുപത്രികളിൽ കൂടിയുള്ള സൗജന്യ മരുന്നു വിതരണം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ആസ്തി വികസന ഫണ്ട്, അസറ്റ് മെയ്ന്റനൻസ് ഫണ്ട്, ആർ.എസ്.ബി.വൈ., എച്ച്.എം.സി. ഫണ്ട് മുതലായവ കൂടാതെ Major construction under DHS, Strengthening of Institution എന്നീ പദ്ധതികളിലും ഉൾപ്പെടുത്തി സംസ്ഥാനത്തെ നിരവധി ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ക്വാളിറ്റി അഷ്വറൻസിന്റെ കീഴിൽ പ്രധാനമായും 4 പ്രോഗ്രാമുകളാണ് നടപ്പിലാക്കിവരുന്നത്. (1) എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ, (2) കെ.എ.എസ്.എച്ച്. അക്രഡിറ്റേഷൻ, (3) ദേശീയ സർട്ടിഫിക്കേഷൻ പദ്ധതി, (4) ബ്ലഡ് ബാങ്ക് അക്രഡിറ്റേഷൻ, ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ, സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം പ്രകാരം 2012 മുതൽ കേരളത്തിലെ ശിശുമരണനിരക്ക് 12 ആണ് (12/1000) വർദ്ധനവ് ഉണ്ടായിട്ടില്ല. ആരോഗ്യവകുപ്പിൽ 13 സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റ് (SNCU) വിവിധ ആശുപത്രികളിലായി പ്രവർത്തിച്ചു വരുന്നുണ്ട്.

1352/2017

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജീവനക്കാരുടെ കുറവുമൂലം ആശുപത്രികളുടെ പ്രവർത്തനം താളം തെറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡോക്ടർമാരുടെ വിവിധ വിഭാഗങ്ങളിലുള്ള നിലവിലെ ഒഴിവുകൾ ചുവടെ നൽകുന്നു:

ജനറൽ കേഡർ	-	210
സ്പെഷ്യാലിറ്റി കേഡർ	-	317
അഡ്മിനിസ്ട്രേറ്റീവ് കേഡർ	-	21

നിലവിലെ ഒഴിവുകളിലേക്ക് അഡ്ഹോക്ക്/എൻ.എൻ.എം. മുഖാന്തരം ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകൾ എല്ലാംതന്നെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ആയത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സിവിൽ സർജൻ/കൺസൾട്ടന്റ് തസ്തികകളിലെ ഒഴിവുകൾ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ചീഫ് കൺസൾട്ടന്റ്/സീനിയർ കൺസൾട്ടന്റ് തസ്തികകളിലെ ഒഴിവുകൾ താൽക്കാലിക സ്ഥാനക്കയറ്റം നൽകി നികത്തുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

ക്രമ നമ്പർ	തസ്തിക	ഒഴിവ്
(1)	(2)	(3)
1	ബയോളജിസ്റ്റ്	5
2	അസിസ്റ്റന്റ് എന്റമോളജിസ്റ്റ്	3
3	ഡിസ്ട്രിക്ട് മലേറിയ ആഫീസർ	4
4	ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1	1
5	ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-2	2
6	ക്ലിനിക്കൽ സൈക്കോളജിസ്റ്റ്	5

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
7	ഫീൽഡ് അസിസ്റ്റന്റ്	13
8	ഇൻസെക്ട് കളക്ടർ	3
9	ഫീൽഡ് വർക്കർ	147
10	ഹെൽത്ത് സൂപ്പർവൈസർ	7
11	ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2	70
12	ജെ.എച്ച്.ഐ. ഗ്രേഡ് 1	8
13	ജെ.എച്ച്.ഐ. ഗ്രേഡ് 2	49
14	ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്	2
15	അസിസ്റ്റന്റ് ലെപ്രസി ആഫീസർ	8

എന്നീ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ക്ലാർക്ക് - 28

ടൈപ്പിസ്റ്റ് - 1

എം.ആർ.എൽ - 3

എന്നീ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ക്രമ നമ്പർ	തസ്തിക	ഒഴിവ്
(1)	(2)	(3)
1	ലാബ് ടെക്നീഷ്യൻ	28
2	ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 1	44
3	ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2	215
4	റേഡിയോഗ്രാഫർ	5
5	പാർട്ട്ടൈം സ്വീപ്പർ	26

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
6	ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ	5
7	ട്രീറ്റ്മെന്റ് ഓർഗനൈസർ	4
8	നഴ്സിംഗ് അസിസ്റ്റന്റ്	2
9	ആഫീസ് അറ്റൻഡർ	5
10	ദന്തൽ ഹൈജീനിസ്റ്റ്	1
11	ഇ.സി.ജി. ടെക്നീഷ്യൻ	1

എന്നീ ഒഴിവുകൾ പി.എസ്.സി. വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴിയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ ആശുപത്രികളിൽകൂടിയുള്ള സൗജന്യ മരുന്ന് വിതരണം കാര്യക്ഷമമായി തന്നെയാണ് നടന്നുവരുന്നത്. ഏതെങ്കിലും മരുന്നുകളുടെ ദൗർലഭ്യം നേരിട്ടാൽ ആശുപത്രി മേധാവികൾ തന്നെ എച്ച്.ഡി.സി./ ആർ.എസ്.ബി.വൈ. ഫണ്ട് വിനിയോഗിച്ച് മരുന്നുകൾ വാങ്ങി ലഭ്യത ഉറപ്പ് വരുത്തുന്നുണ്ട്.

ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

110 (799) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽനിന്നും മെഡിക്കൽ സയൻസിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയവർക്ക് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ മെറിറ്റ് സീറ്റിൽ സർക്കാർ ക്വാട്ടയിൽ പ്രവേശനം ലഭിച്ചവർക്കു പോലും രജിസ്ട്രേഷൻ നൽകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിദേശരാജ്യങ്ങളിൽനിന്നും മെഡിക്കൽ സയൻസിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കുന്നവർക്കുപോലും രജിസ്ട്രേഷൻ ലഭിക്കുന്ന സാഹചര്യത്തിൽ സർക്കാർ ക്വാട്ടയിൽ പഠനം പൂർത്തിയാക്കുന്നവർക്ക് രജിസ്ട്രേഷൻ ലഭിക്കാത്ത സാഹചര്യം ഗൗരവമായി വിലയിരുത്തുമോ ;

(ഡി) ഇത്തരത്തിലുള്ള അപാകം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly